KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.229/PR/PIC/PHQ/18 Date 08.09.2018

## ജലാശയങ്ങളിൽ പ്ലാസ്റ്റിക്കും മറ്റു മാലിന്യങ്ങളും വലിച്ചെറിയുന്നതിനെതിരെ കർശന നടപടിക്ക് നിർദ്ദേശം

ജലാശയങ്ങളിലും നദികളിലും **പ്ലാസ്റ്റിക്കും ജൈവവിഘടനം സംഭവിക്കാത്ത മറ്റു മാലിന്യങ്ങളും** ഇലക്ട്രോണിക് വേസ്റ്റും വലിച്ചെറിയുന്നതിനെതിരെ കർശന നടപടിക്ക് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ നിർദേശം നല്കി. ഇത്തരം സംഭവങ്ങളിൽ നടപടിയെടുക്കാൻ പോലീസിനെ അധികാരപ്പെടുത്തുന്ന വിവിധ നിയമങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി പുറത്തിറക്കിയ എക്സിക്യൂട്ടീവ് ഡയറക്ടീവിലാണ് ഇതു സംബന്ധിച്ച നിർദേശം. ജലാശയങ്ങൾ മലിനീകരിക്കുന്നതിനെതിരെ തദ്ദേശഭരണസ്ഥാപനങ്ങൾ, റവന്യൂ തുടങ്ങിയ വകുപ്പുകൾ, ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, മറ്റ് ബന്ധപ്പെട്ട ഏജൻസികൾ എന്നിവയുമായി ഒത്തുചേർന്ന് ബോധവത്കരണ പ്രവർത്തനങ്ങൾ ആവിഷ്കരിക്കാനും നിയമനടപടികൾ സ്വീകരിക്കാനും പോലീസിന് നിർദേശം നല്കി.

1860 ലെ ഇന്ത്യൻ പീനൽ കോഡിലെ 268, 269, 270, 277, 290 എന്നീ വകുപ്പുകൾ ജലാശയങ്ങളും ജലസ്രോതസ്സുകളും മലിനമാക്കുന്നതു സംബന്ധിച്ച കുറ്റകൃത്യങ്ങളുമായി പ്രത്യക്ഷത്തിലോ പരോക്ഷമായോ ബന്ധപ്പെട്ടവയാണ്.

സംസ്ഥാനത്തെ ജലസേചനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 2003 ലെ കേരള ഇറിഗേഷൻ വാട്ടർ കൺസർവേഷൻ ആക്റ്റ് -ൽ 2018 ൽ വരുത്തിയ ഭേദഗതി പ്രകാരം ഏതെങ്കിലും ജലനിർഗമന മാർഗത്തിലോ ജലവിതരണ സംവിധാനത്തിലോ മാലിന്യങ്ങൾ തള്ളുന്നത് പ്രസ്തുത ആക്റ്റിലെ സെക്ഷൻ 37(4) ഒപ്പം സെക്ഷൻ 70(3) പ്രകാരം പരമാവധി മൂന്നുവർഷം തടവും രണ്ട് ലക്ഷം രൂപ പിഴയും അല്ലെങ്കിൽ രണ്ടും ചേർത്തും ശിക്ഷ നൽകാവുന്ന കൊഗ്നൈസബിൾ കുറ്റമാണ്. ഈ വകുപ്പിലെ സെക്ഷൻ 74(3) പ്രകാരം ഈ കുറ്റത്തിന് ഒരു പോലീസ് ഉദ്യോഗസ്ഥന് നേരിട്ട് കേസെടുക്കാവുന്നതുമാണ്.

2011 ലെ കേരള പോലീസ് ആക്റ്റ് 120(e) വകുപ്പ് ജലാശയങ്ങൾ മലിനമാക്കുന്നതോ പബ്ലിക് സാനിട്ടേഷൻ പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുന്നതോ പൊതുസ്ഥലങ്ങൾ വൃത്തിഹീനമാക്കുന്നതോ ആയ കുറ്റത്തിനുള്ള ശിക്ഷകൾ വ്യവസ്ഥ ചെയ്യുന്നു. കേരള പോലീസ് ആക്റ്റ് 80(1)(a), (1) b വകുപ്പുകൾ പ്രകാരം പൊതുശുചിത്വത്തിനും പരിസ്ഥിതിക്കും ഹാനിവരുത്തുന്ന പ്രവർത്തനങ്ങളും ജലസ്രോതസ്സുകളും ജലാശയങ്ങളും മലിനമാക്കുന്ന പ്രവർത്തനങ്ങളും തടയുന്നതിനുള്ള റെഗുലേഷനുകൾ തദ്ദേശസ്ഥാപനങ്ങളുമായും ജില്ലാ പോലീസ് മേധാവിമാരുമായും ആലോചിച്ച് വിജ്ഞാപനം ചെയ്യുവാൻ ജില്ലാമജിസ്ട്രേറ്റുമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്.

ക്രിമിനൽ നടപടിക്രമത്തിലെ (1973) സെക്ഷൻ 133 പ്രകാരം ജില്ലാ മജിസ്ട്രേറ്റിനോ സബ്ബ് ഡിവിഷണൽ മജിസ്ട്രേറ്റിനോ സംസ്ഥാന സർക്കാർ അധികാരപ്പെടുത്തുന്ന മറ്റ് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിനോ പൊതുജനങ്ങളുടെ ഉപയോഗത്തിലുള്ള ഏതെങ്കിലും ഒരു നദിയിലോ ജലാശയത്തിലോ പൊതുസ്ഥലത്തോ നേരിടുന്ന എല്ലാ തടസ്സങ്ങളെയും ശല്യങ്ങളെയും നീക്കം ചെയ്യുന്നതിന് പോലീസിൽ ലഭിക്കുന്ന റിപ്പോർട്ടിന്റെയോ മറ്റ് തരത്തിൽ ലഭിക്കുന്ന വിവരത്തിന്റെ അടിസ്ഥാനത്തിലോ ലഭ്യമായ തെളിവുകൾ ശേഖരിച്ചോ നിബന്ധനകളോടെയുള്ള ഉത്തരവ് നല്കാനുള്ള അധികാരത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്.

കേരള മുനിസിപ്പാലിറ്റി ആക്റ്റ് സെക്ഷൻ 550, 551, കേരള പഞ്ചായത്തിരാജ് ആക്റ്റ് സെക്ഷൻ 252 എന്നിവ പ്രകാരം മുനിസിപ്പാലിറ്റിയുടെയോ പഞ്ചായത്തിന്റെയോ അധീനതയിലുള്ള ജലാശയങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിച്ചാൽ നടപടിയെടുക്കാൻ പോലീസ് ഉദ്യോഗസ്ഥർക്ക് അധികാരം നൽകുന്നുണ്ട്. കേരള വാട്ടർ സപ്ലൈ ആൻഡ് സ്വീവേജ് ആക്റ്റ് 1986 സെക്ഷൻ 46(i)(e) പ്രകാരവും ജലാശയങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് കുറ്റകരമാണ്.

ഈ നിയമവ്യവസ്ഥകൾ സംബന്ധിച്ച് ആവശ്യമായ ബോധവത്കരണം ബന്ധപ്പെട്ട ഏജൻസികളുമായി ചേർന്ന് നടത്തണമെന്നും ജലാശയങ്ങളും നദികളും മലിനമാക്കുന്നവർക്ക് എതിരെ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സംസ്ഥാന പോലീസ് മേധാവി നിർദേശം നല്കിയിട്ടുണ്ട്.

****************